കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-3 /1953/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി :17.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചടയമംഗലം ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക്

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-3 /1953/2017 തീയതി: 17.11.2017

## കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 16.02.2017 മുതൽ 31.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.2017 മുതൽ<br>08.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജി കുമാർ<br>ഓഡിറ്റ് ഓഫീസർ<br>(ഹയർ ഗ്രേഡ്) |
| | ശ്രീ. അജമൽ എ. എസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു നായർ.<br>ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അരുണാദേവി. ആർ | 1.04.2017 മുതൽ<br>31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ബി.അനീഷ്. | 1.04.2016 മുതൽ<br>15.06.2016 വരെ |
| | ശ്രീ. ഷാജി. എസ്. എൽ | 16.06.2016 മുതൽ<br>31.07.2016 വരെ |
| | ശ്രീ. ആർ. ബാലചന്ദ്രൻ നായർ | 1.08.2016 മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.മഞ്ജു.കെ.എസ്. | 1.04.2016 മുതൽ<br>27.05.2016 വരെ |
| | ശ്രീ. അശോക് കുമാർ റ്റി .വി | 28.05.2016 മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.ജോൺ ജോസഫ് | 01.04.2016 |

| | | |
|---|---|---|
| ഓഫ് അഗ്രിക്കൾച്ചർ | | മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി, കടയ്ക്കൽ | ഡോ.രാകേഷ്.എം.വി | 01.04.2016 മുതൽ 19.07.2016 വരെ |
| | ശ്രീമതി. ബിന്ദു ഏണസ്റ്റ് | 20.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,നിലമേൽ. സി.എച്ച്.സി | ഡോ.മനേഷ് മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീമതി. അനീഷാ. എ | 01.04.2016 മുതൽ 31.12.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി. പൗർണമി. സി .വി | 11.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, വെളിനെല്ലൂർ സി.എച്ച്.സി | ഡോ.കെ.ശശി | 12.05.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |

| | | |
|---|---|---|
| 11 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ് | 2-1 |
| 12 | രസീത് പരിശോധനയിൽ കണ്ട അപാകത | 2-2 |
| | ഭാഗം 3 | |
| 13 | ഗാർഹിക കക്കൂസ് നിർമ്മാണം സംയുക്തം (38 /16-17) പിൻവലിച്ച 8,40,000/-രൂപ നാളിതുവരെ ചെലവഴിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്നു , തുക നിരാകരിക്കുന്നു 159750/- രൂപ വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ തടസ്സപ്പെടുത്തുന്നു. | 3-1 |
| 14 | വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം,2,11,20,716/-രൂപ നഷ്ടമായി | 3-2 |
| 15 | ഐ എ വൈ ഭവനനിർമ്മാണപദ്ധതി വായ്പാ തിരിച്ചടവ് (92/17) വായ്പാ തുകയുടെ തിരിച്ചടവ് സംബന്ധിച്ച സഹകരണ ബാങ്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, 46,95,903/- രൂപ തടസ്സപ്പെടുത്തുന്നു . | 3-3 |
| 16 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല, പഞ്ചായത്ത് ഫണ്ടിന് 83,372/- രൂപയുടെ നഷ്ടം | 3-4 |
| 17 | അസി.ഡയറക്ടർ ( കൃഷി ) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 18 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് | 3-6 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല, 42,09,320/-രൂപ തടസ്സപ്പെടുത്തുന്നു. | |
| 19 | മൂലപ്പണപ്പാലം അപ്രോച്ച് റോഡ് എന്ന പ്രവൃത്തിക്കായി വികസനഫണ്ട് പൊതുവിഭാഗത്തിൽനിന്നും പിൻവലിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന 3,44,264/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-7 |
| 20 | മുട്ടത്തറ തേക്കിൻ കോളനി റോഡിന് പാർശ്വഭിത്തി, നിർമ്മാണത്തിലെ അപാകതകൾമൂലം 1,64,626/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തെറ്റായി തുകകൾ അനുവദിക്കുന്നു | 3-9 |
| 22 | സി .ഡി.പി. ഒ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-10 |
| 23 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ എന്ന പദ്ധതി- 3,55,367/- തടസ്സപ്പെടുത്തുന്നു | 3-11 |
| | ഭാഗം-4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | സാക്ഷ്യപത്രം-2016-17 | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 27.02.2016 തീയതിയിലെ ബജറ്റ് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 25.07.2017 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2016-17 | 06.11.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക കണക്കിലെ അപാകതകൾ

| | |
|---|---|
| 1 | കോഡ് 310900101(B1) തുകയും income &expenditure ലെ net balance surplus/deficit തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു |
| 2 | കോഡ് 450250110 ടി.സി.ബാലൻസിൽ 71,10,774 /-രൂപയുടെ വ്യത്യാസം പാസ്സ്ബുക്ക് ബാലൻസുമായി നിലനിൽക്കുന്നു. റിക്കൻസിലിയേഷൻ വിവരങ്ങൾ ഇല്ല. |
| 3 | സർവ്വീസ് കോ ഓപ്പറേറ്റീവ് അക്കൗണ്ട്സുകളുടെ സ്റ്റേറ്റ്മെന്റ്/സ്ലിപ്/സ്റ്റേറ്റ്മെന്റ് സ്കോൾ നൽകാത്തതിനാൽ ബാലൻസുകൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| 4 | സെക്യൂരിറ്റി രജിസ്റ്റർ ഇല്ലാത്തതിനാൽ ബി 7 പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| 5 | ലോൺ രജിസ്റ്ററിലെ തുകയും (7850631/- രൂപ) കോഡ് 330500102 (B-5) ലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. |
| 6 | ഡവലപ്മെന്റ് ഫണ്ട്, എസ് സി.പി, ഐ.എ.വൈ , ഐ.എ.വൈ SCP തുകകൾ എ.സി.ആറിലെ തുകയുമായി വ്യത്യസപ്പെട്ടിരിക്കുന്നു. |
| 7 | ഫിക്സഡ് അസറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ B ll കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,26,01,429 |
| വരവ് | 11,61,89,912 |
| ആകെ | 19,87,91,341 |
| ചെലവ് | 11,05,94,487 |
| നീക്കിയിരിപ്പ് | 8,81,96,854 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 30044273 | 30044273 | 30044273 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 0 | 11158199 | 11158199 | 11158199 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 395179 | 395179 | 395179 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5822518 | 5822518 | 5822518 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ.ഇ.ജി.എസ്. | - | - | - | - | - | - |
| ബി ഫണ്ട് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | കളുടെ ശതമാനം |
| 81 | 123401102 | 42 | 47420169 | 17 | 22 | 69.13% |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2017 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.2016 | 2016-17 | 25.02.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.06.2016 | 2014-15 | 18.08.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ചടയമംഗലം ബ്ലോക്ക്

പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്തതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 06.11.2017 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫോറവില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ തുകയും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്

## 2-2 <u>രസീത് പരിശോധനയിൽ കണ്ട അപാകത</u>

രസീത് പരിശോധനയിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

1. രസീത് ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ 2013 വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. 2013 ന് ശേഷം ഡിസംബർ/2016 വരെ ലഭിച്ച രസീത് ബുക്കുകളുടേയും , ഉപയോഗിച്ചവയുടേയും , ബാലൻസ് നിലനിൽക്കുന്നവയുടേയും വിവരങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പദ്ധതി നിർവഹണ ചെലവുകളുടെ ഭാഗമായി അസിസ്റ്റന്റ് ഡയറക്ടർ , കൃഷി നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിച്ച വിവരങ്ങൾ പരിശോധിച്ച വേളയിൽ ബുക്ക് നമ്പറും , പ്രിന്റഡ് രസീത് നമ്പരുകളും ഇല്ലാത്ത ഒരു രസീത് ബുക്ക് ഹാജരാക്കുകയുണ്ടായി. ആയത് പഞ്ചായത്തിൽ നിന്ന് ലഭിച്ചതാണെന്ന് ADA നൽകിയ മറുപടി.

2013 ന് ശേഷം സ്വകാര്യ പ്രസ്സിൽ നിന്ന് പ്രിന്റ് ചെയ്ത രസീത് ബുക്കുകളുടെ പൂർണ്ണ വിവരം, അവയുടെ പ്രിന്റിംഗ് വിവരങ്ങൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള രസീത് ബുക്കുകളുടെ വിശദാംശങ്ങൾ , സ്റ്റോക്ക് ബാലൻസ് എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം. 4/4.11-17) മറുപടിയായി അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗാർഹിക കക്കൂസ് നിർമ്മാണം(സംയുക്തം )(38 /16-17) പിൻവലിച്ച 8,40,000/-രൂപ നാളിതുവരെ ചെലവഴിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്നു , തുക നിരാകരിക്കുന്നു .1,59,750/- രൂപ വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക -9,99,750 /- (വികസന ഫണ്ട് , പൊതു വിഭാഗം)

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 8 ഗ്രാമ പഞ്ചായത്തുകൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 750/-രൂപാക്രമം നല്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ്. ടി പ്രോജക്ടിന്റെ അടങ്കൽ തുക മുഴുവൻ ബിൽ നമ്പർ 9/16-17 തീയതി 16.01.2017 പ്രകാരം (9,99,750/-രൂപ, വികസനഫണ്ട്, പൊതുവിഭാഗം) പിൻവലിച്ചിരിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ നിന്നും മാത്രമാണ് 213 ഗുണഭോക്താക്കളുടെ വിഹിതം (750 രൂപാ ക്രമം) 1,59,750/- രൂപ ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുള്ളതും, തുക കൈപ്പറ്റിയിട്ടുള്ളതും. അവശേഷിക്കുന്ന തുകയായ 8,40,000/-രൂപ ആർക്കും നല്കിയിട്ടില്ല .

15,97,50/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും പിൻവലിച്ചിട്ടുള്ള 9,99,750/- രൂപയിൽ ഈ തുക കഴിച്ച് 8,40,000/-രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ചും 04.11.2017 ൽ നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 3 ന് ഗ്രാമ പഞ്ചായത്തുകൾക്ക് ഒ ഡി എഫ് വിഹിതം ശുചിത്വമിഷനിൽ നിന്നും ലഭിച്ചതിനാൽ പഞ്ചായത്തുകൾ ബ്ലോക്ക് വിഹിതം ആവശ്യപ്പെട്ടിട്ടില്ലായെന്നും ബാക്കിതുക പ്ലാൻഫണ്ടിൽ അടിയന്തിരമായി തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നല്കി. പിൻവലിച്ച തുകയിൽ അവഷേഷിക്കുന്ന 8,40,000/-രൂപ എപ്രകാരം സൂക്ഷിച്ചിരിക്കുന്നു എന്നത് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആവശ്യകത കണക്കിലെടുക്കാതെ എന്തിന് തുക പിൻവലിച്ചുവെന്നോ, പിൻവലിച്ചതുക എന്തു ചെയ്തുവെന്നോ മറുപടി നല്കിയിട്ടില്ല.

ഗവ ഉത്തരവ് നമ്പർ 177/06/ധനം തീയതി 12.04.2006 പ്രകാരം യഥാർത്ഥ ആവശ്യകത കണക്കിലെടുത്തുമാത്രമേ തുക പിൻവലിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും കാരണവശാൽ തുക ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ പിൻവലിച്ച തുക ഉടൻതന്നെ തിരികെ ഒടുക്കുവരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ 16.01.2017 ൽ പിൻവലിച്ച തുക ഓഡിറ്റ് അവസാനിച്ച തീയതിയായ 08.11.2017 വരെ ചെലവഴിക്കുകയോ , തിരിച്ചടയ്ക്കുകയോ ചെയ്യാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്നത് പണാപഹരണമായി വിലയിരുത്തുന്നു. 8,40,000/-രൂപ നിയമാനുസൃത പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഇട്ടിവാ ഗ്രാമ പഞ്ചായത്തിന് നല്കിയിട്ടുള്ള 1,59,750/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,59,750/- രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേ ണ്ടതാണ്.

## **3-2** വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം**21120716/-**രൂപ നഷ്ടമായി

വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം 2,11,20,716/-രൂപ നഷ്ടമായി. വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | പദ്ധതി പ്രകാരം വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|
| വികസനനഫണ്ട് പൊതുവിഭാഗം | 42859898 | 42702398 | 30044273 | 12658125 |
| വികസനനഫണ്ട്, പട്ടികജാതി ഉപ പദ്ധതി | 19071465 | 19071465 | 11158199 | 7913266 |
| വികസനനഫണ്ട്, | 395556 | 395556 | 395179 | 377 |

| | | | | |
|---|---|---|---|---|
| പട്ടികവർഗ ഉപ പദ്ധതി | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6371466 | 6371466 | 5822518 | 548948 |
| | | | | 21120716 |

ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വികസനപ്രവർത്തനത്തിനായി അനുവദിച്ച തുകകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

### 3-3 <u>ഐ എ വൈ ഭവനനിർമ്മാണപദ്ധതി വായ്പാ തിരിച്ചടവ് **(92/17)** വായ്പാ തുകയുടെ തിരിച്ചടവ് സംബന്ധിച്ച സഹകരണ ബാങ്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, **46,95,903/** രൂപാ തടസ്സപ്പെടുത്തുന്നു .</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ഐ എ വൈ ഭവനനിർമ്മാണപദ്ധതി വായ്പാ തിരിച്ചടവ് (92/17) എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 29.03.2017 ലെ ബിൽ നമ്പർ 27/16-17 പ്രകാരം വികസന ഫണ്ട് 46,95,903/- രൂപ പിൻവലിച്ച് താഴെക്കൊടുത്തിരിക്കുന്ന സഹകരണ ബാങ്കുകളിൽ നല്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കിയ തുക |
|---|---|---|
| 1 | കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 2654000 |
| 2 | നിലമേൽ സർവ്വീസ് സഹകരണ ബാങ്ക് | 866000 |
| 3 | ചടയമംഗലംസർവ്വീസ് സഹകരണ ബാങ്ക് | 755903 |
| 4 | വെളിനല്ലൂർസർവ്വീസ് സഹകരണ ബാങ്ക് | 420000 |
| | ആകെ | 46,95,903 |

ടി തുകകൾ വരവുവച്ചതു സംബന്ധിച്ച ടി സർവ്വീസ് സഹകരണ ബാങ്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 06.11.2017 ൽ നല്കിയ (നം-5) ഓഡിറ്റ് അന്വേഷണത്തിന് സഹകരണ ബാങ്കുകളിൽ നിന്നും സ്റ്റേറ്റ്മെന്റ് സമാഹരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ബാങ്കുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ചിട്ടുള്ള 46,95,903/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** <u>യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല, പഞ്ചായത്ത് ഫണ്ടിന് **83372** രൂപായുടെ നഷ്ടം</u>

ശ്രീമതി ശാന്തി, ശാണ്ടി, ചരിപ്പറമ്പ്, കരാറുകാരിയായി 15.05.2015 ൽ 48/AEE/LSGD/CDLM/15-16 ആയി കരാർ വച്ചിട്ടുള്ള പ്രവൃത്തിയാണ് കടയ്ക്കൽ പാലിയേറ്റീവ് കെയർ വാർഡ് നിർമ്മാണം 25,00,000/-രൂപ അടങ്കൽ തുകയുള്ള ടി പ്രവൃത്തിയുടെ കരാർ തുക 21,84,292/- രൂപയാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സ്ഥലം കൈമാറിയിട്ടുള്ള 23.05.2015 മുതൽ 6 മാസമാണ് 22.12.2015 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 23.03.2016 നാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇപ്രകാരം താമസം നേരിട്ടതിന് എന്തെങ്കിലും കാരണമോ, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോ, ഒന്നും തന്നെ ഇല്ലാത്തതാണ്. ടെണ്ടർ നിബന്ധന, സെലക്ഷൻനോട്ടീസ് എന്നിവ പ്രകാരം ടി പ്രവൃത്തിക്ക് 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ (പരിഷ്കരിച്ചത് )2112-1 പ്രകാരം യഥാസമയം പൂർത്തിയാക്കാത്ത പ്രവൃത്തികൾക്ക് കരാർ തുകയുടെ 1% ഈടാക്കിക്കൊണ്ട് (കുറഞ്ഞത് 1,000/-രൂപ, പരമാവധി 50,000/-രൂപ)ആദ്യ തവണയും, ആദ്യതവണയ്ക്കു ശേഷം കരാർ തുകയുടെ 2% ഈടാക്കിക്കൊണ്ടും (കുറഞ്ഞത് 2,000/-രൂപ , പരമാവധി 1,00,000/-രൂപ) പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നല്കാവുന്നതാണ്. ഒരുസമയം ദീർഘിപ്പിച്ചു നല്കാവുന്ന കാലയളവ് യഥാർത്ഥത്തിൽ പൂർത്തീകരിക്കേണ്ടുന്ന സമയത്തിന്റെ 25% ത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല. ടി പ്രവൃത്തിയിൽ താഴെക്കൊടുത്തിരിക്കും പ്രകാരം പിഴ ഈടാക്കേണ്ടതായിരുന്നു.

ആദ്യ ദീർഘിപ്പിക്കൽ 23.12.2015 മുതൽ 05.02.2016 വരെ (45 ദിവസം) കരാർ തുകയുടെ 1% തുക – 21,84,292/- ന്റെ 1% -21,843/- രൂപ.

തുടർന്നുള്ള ദീർഘിപ്പിക്കൽ 06.02.2016 മുതൽ.23.03.2016 വരെ – കരാർ തുകയുടെ 2% തുക 21,84,292/- ന്റെ 2% – 43,686/- രൂപ

ആകെ ഈടാക്കേണ്ടുന്ന പിഴ -21843+43686 = 65,529/- രൂപ

കൂടാതെ 2012ലെ പൊതുമരാമത്ത് മാന്വൽ 2009.6 ടെണ്ടർ ഫോമിലെ വ്യവസ്ഥ ( എന്നിവ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നുവരുന്ന 10 ദിവസത്തേയ്ക്ക് കരാർതുകയുടെ 1% ഈടാക്കിക്കൊണ്ട് കരാർവയ്ക്കുവാൻ അനുവദിക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർവയ്ക്കാതിരുന്നാൽ കരാർവയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദ് ചെയ്ത് നിരത ദ്രവ്യം സ്ഥാപനത്തിൽ മുതൽകൂട്ടേണ്ടതാണ്. 06.04.2015 ൽ സെലക്ഷൻ നോട്ടീസ് നല്കിയിട്ടുള്ള ടിപ്രവൃത്തിയുടെ പിഴകൂടാതെ കരാർ വയ്ക്കുന്നതിനുള്ള അവസാന തീയതി 20.04.2015 ആണ്. 30.04.2015 വരെ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറിലേർപ്പെടാമായിരുന്നു. എന്നാൽ കരാറിലേർപ്പെട്ടിട്ടുള്ളത് 15.05.2015 ലാണ്. ഈ നടപടി ക്രമ വിരുദ്ധമാണ്. എങ്കിലും പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും കരാർതുകയുടെ 1% തുകയായ 21,843/- രൂപ പിഴയായി ഈടാക്കേണ്ടതാണ്.

ടി വിഷയം സംബന്ധിച്ച് 06.11.2017 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യഥാസമയം കരാറിലേർപ്പെടാതിരുന്നതിനും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ (65529+21843=83372) 83,372/- രൂപ യഥാസമയം പിഴകൾ ഈടാക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-5 അസി.ഡയറക്ടർ ( കൃഷി ) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസി.ഡയറക്ടർ ( കൃഷി ) നിർവ്വഹണം നടത്തിയ മൂന്ന് പദ്ധതികളിൽ വിതരണ ചെയ്ത പച്ചക്കറിവിത്ത്, ജൈവ വളം, കിഴങ്ങ്, പയർ, എന്നിവയുടെ എണ്ണം വിതരണ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്താത്തതിനാൽ ലക്ഷങ്ങൾ

ചെലവഴിച്ചതിന് സാധുത പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. വിശദാംശങ്ങൾ ചുവടെ:-

a)പ്രോജക്ട് നം:- 22/17
സംഘ ജൈവ പച്ചക്കറി കൃഷി
അടങ്കൽ തുക : ₹ 39,00,000/-
ചെലവ് : ₹ 30,00,000/-
(ഗുണഭോക്തൃവിഹിതം) ₹ 6,00,000/-
പദ്ധതി പ്രകാരം 8 പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 300 കർഷക ഗ്രൂപ്പുകൾക്കായി ഒരു ഗ്രൂപ്പിന് 800 പായ്ക്കറ്റ് വിത്തുകളും, 20 പായ്ക്കറ്റ് ജൈവവളവും വിതരണം ചെയ്യുന്നതിനായി യഥാക്രമം 12,00,000/-രൂപയും, 18,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കുമ്മിൾ പഞ്ചായത്തിലെ 35 ഗ്രൂപ്പുകൾ കൈപ്പറ്റിയ 28000 വിത്തുകൾക്കും 700 പായ്ക്കറ്റുകൾക്കും വിതരണ വിശദാംശങ്ങൾ ഇല്ല. ടി ഗ്രൂപ്പുകൾ കൈപ്പറ്റിയ വിത്തുകളുടെയും, പായ്ക്കറ്റു വളങ്ങളുടേയും എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം 4,20,000/- രൂപയുടെ വിതരണ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

b)പ്രോജക്ട് നം: 45/17
കിഴങ്ങ് വർഗ്ഗ ഇടവിള കൃഷി
അടങ്കൽ തുക : ₹ 2983500/-
ചെലവ് : ₹ 2550000/-
ഗുണഭോക്തൃവിഹിതം: ₹ 433500/-

പദ്ധതി പ്രകാരം എട്ട് പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 255 കർഷക ഗ്രൂപ്പുകൾക്കായി 2550 യൂണിറ്റ് കിഴങ്ങ് വിത്തുകൾ ഗ്രൂപ്പ് ഒന്നിന് 10 യൂണിറ്റ് വിത്തുകളും, ജൈവ വളം 2550 പായ്ക്കറ്റുകൾ ഗ്രൂപ്പ് ഒന്നിന് 10 പായ്ക്കറ്റ് വീതവും വിതരണം ചെയ്യുന്നതിനായി യഥാക്രമം ₹1275000/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.ഇതിൽ കുമ്മിൾ പഞ്ചായത്തിലെ 35 ഗ്രൂപ്പുകൾ കൈപ്പറ്റിയ 350 വിത്തുകൾക്കും 350 ജൈവ വളം പായ്ക്കറ്റുകൾക്കും വിതരണ വിശദാംശങ്ങൾ ഇല്ല. ടി ഗ്രൂപ്പുകൾ കൈപ്പറ്റിയ വിത്തുകളുടെയും, പായ്ക്കറ്റു വളങ്ങളുടേയും എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം 3,25,000/- രൂപയുടെ വിതരണ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

c) പ്രോജക്ട് നം:- 91/17

സമഗ്ര പയർ കൃഷി വികസന പദ്ധതി
അടങ്കൽ തുക : ₹ 1655913/-
ചെലവ് : ₹ 1654500/-

പദ്ധതി പ്രകാരം എട്ട് പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 300 കർഷക ഗ്രൂപ്പുകൾക്കായി 13500കിലോ പച്ചക്കറി വിത്തുകൾ ഗ്രൂപ്പ് ഒന്നിന് 45കിലോ വിത്തകളും, റൈസോബിയം 600 കിലോ, ഗ്രൂപ്പ് ഒന്നിന് 2കിലോ വീതവും സ്യൂടോമോണാസ് 150 കിലോ,ഗ്രൂപ്പ് ഒന്നിന് അര കിലോ വീതവും വിതരണം ചെയ്യുന്നതിനായി യഥാക്രമം ₹16,20,000/-രൂപയും, ₹30,000/- രൂപയും, ₹4,500/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കുമ്മിൾ പഞ്ചായത്തിലെ 35 ഗ്രൂപ്പുകൾ,നിലമേൽ പഞ്ചായത്തിലെ 35 ഗ്രൂപ്പുകൾ കൈപ്പറ്റിയ 45 കിലോ, പയർ വിത്തുകൾക്കും 2 കിലോ റൈസോബിയം, അരകിലോ സ്യൂഡോമോണാസും വിതരണ വിശദാംശങ്ങൾ ഇല്ല. ഇപ്രകാരം 3,86,050/- രൂപയുടെ വിതരണ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു

ഇത് സംബന്ധിച്ച് എൻക്വയറി നൽകിയതിന് തിരക്കുകൾ കാരണം കൃഷി ഓഫീസർമാർക്ക് വിതരണ വിവരം രേഖപ്പെടുത്താൻ കഴിയാതെ പോയതാണെന്ന മറുപടിയാണ് എ.ഡി.എ നൽകിയത്. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുക.

## 3-6 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, 4209320രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം പിൻവലിച്ച് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രനം | പ്രോജക്ട് | പിൻ വലിച്ച തുക | ബിൽനം തീയതി | തുകകൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | മാലിന്യ സംസ്കരണ പ്ലാന്റ് (39/17) | 500000 | 12/16-17 | സെക്രട്ടറി കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | 16.01.17 | |
| 2 | വീട് മെയിന്റൻസ് (എസ്.സി)) (42/17) | 450000 | 11/16-17 16.01.17 | സെക്രട്ടറി കുമ്മിൾ ഗ്രാ. പഞ്ചായത്ത് |
| | | 340000 | 15/16-17 03.02.17 | സെക്രട്ടറി ഇളമാട് ഗ്രാ. പഞ്ചായത്ത് |
| 3 | കടയ്ക്കൽ മാർക്കറ്റ് നവീകരണം (43/17) | 1000000 | 05/16-17 19.12.16 | സെക്രട്ടറി കടയ്ക്കൽ ഗ്രാ. പഞ്ചായത്ത് |
| 4 | കടയ്ക്കൽ മാർക്കറ്റ്നവീകരണം അധിക സഹായം(84/17) | 25000 | 06/16-17 19.12-16 | സെക്രട്ടറി കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് |
| 5 | ഇളമാട് പഞ്ചായത്തിലെ കോട്ടയ്ക്കാവിള അംഗനവാടി നിർമ്മാണം (77/17) | 656320 | 29/16-17 30.03.17 | സെക്രട്ടറി ഇളമാട് ഗ്രാമപഞ്ചായത്ത് |
| 7 | നിലമേൽ ആശുപത്രി വൈദ്യുതീകരണം (79/17) | 425000 | 29/16-17 30.03.17 | എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | | | |
| 8 | വെളിനല്ലൂർ ആശുപത്രി വൈദ്യുതീകരണം (79/17) | 286000 | 26/16-17<br>27.03.17 | എക്സിഎഞ്ചിനീയർ പൊതുമരാമത്ത് ഇല. ഡിവിഷൻ, തിരുവനന്തപുരം |
| 9 | കല്ലുമല കോളനി മിനി കുടിവെള്ള പദ്ധകി(82/17) | 527000 | 22/16--17<br>20.03.17 | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കൊല്ലം |
| | ആകെ | 4209320 | | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ചിട്ടുള്ള 42,09,320/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-7** മൂലപ്പണപ്പാലം അപ്രോച്ച് റോഡ് എന്ന പ്രവൃത്തിക്കായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും പിൻവലിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന **3,44,264/-** രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

അസി .എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മൂലപ്പണപ്പാലം അപ്രോച്ച് റോഡ് എന്നപ്രവൃത്തിക്കായി (സംയുക്ത പ്രോജക്റ്റ്) വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 5,00,000/-രൂപ ബിൻ നമ്പർ 4 /16-17, തീയതി 15.02.2017 പ്രകാരം പിൻവലിച്ച് ഇട്ടിവാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയിരുന്നു. ഇതിൽ ചെലവഴിക്കാതെ അവശേഷിച്ച 3,44,264/- രൂപ 28.10.2017 ലെ 1459480 നമ്പർ ചെക്കു പ്രകാരം തിരികെ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ഒടുക്കുവരുത്തുകയും ചെയ്തിട്ടുണ്ട്. ടി തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 06.11.2017 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ടി തുക ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ഇന്ത്യൻബാങ്ക് ചടയമംഗലം ശാഖയിലെ 555435474 നമ്പരായുള്ള

അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി തുക സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

## 3-8 മുട്ടത്തറ തേക്കിൻ കോളനി റോഡിന് പാർശ്വഭിത്തി, നിർമ്മാണത്തിലെ അപാകതകൾമൂലം 1,64,626/- രൂപ തടസ്സപ്പെടുത്തുന്നു

ശ്രീ.കെ.എസ്.നിസ്സാറുദ്ദീൻ, കൈതാടി പുത്തൻവീട്, അലയമൺ കരാറുകാരനായി 03.08.2015ൽ 11/AEE/LSGD/CDLM/15-16 ആയി കരാർ വച്ചിട്ടുള്ളപ്രവൃത്തിയാണ് മുട്ടത്തറ തേക്കിൻ കോളനി റോഡിന് പാർശ്വഭിത്തി നിർമ്മാണം. 500,000/-രൂപ അടങ്കൽ തുകയുള്ള ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സ്ഥലം കൈമാറിയിട്ടുള്ള 03.08.2015 മുതൽ 3 മാസമാണ് . 02.11.2015 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 15.02.2017 നാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇപ്രകാരം പൂർത്തീകരണ കാലാവധിയിൽ 15 മാസത്തെ താമസം നേരിട്ടതിന് എന്തെങ്കിലും കാരണമോ, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോ, ഒന്നും തന്നെ ഇല്ലാത്തതാണ്. കൂടാതെ 102 മീ നീളത്തിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനുള്ള ടി പ്രവൃത്തി 60 മീ നീളത്തിൽ മാത്രമായി പരിമിതപ്പെടുത്തിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ടി അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ 06.11.2017 ലെ ഓഡിറ്റ് അന്വേഷണത്തിന് (നം. 6) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രവൃത്തിയുടെ ബിൽ വിവരം താഴെക്കൊടുക്കുന്നു.

പ്രവൃത്തി മൂല്യം – 219502

ടെണ്ടർ കുറവ് – 25%-54876

ബിൽ തുക – 1,64,626/-

ബിൽ നമ്പർ-16. 16-17 തീയതി 31.03.2017

ടി അപാകതകൾ കാരണം ചെലവഴിച്ച 1,64,626/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 സി.ഡി.പി.ഒ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

a)സി ഡി പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ടെണ്ടർ ഫാറം വിലകൾ ഒടുക്കിയിട്ടില്ല.

( പൊതുവിഭാഗം പ്രോജക്ട് നമ്പരുകൾ 23/17 , പട്ടികജാതി 26/17 ) ബന്ധപ്പെട്ട് ഇൻവാലിഡ് കാര്യേജിനുള്ള ഇ-ടെണ്ടർ (ടെണ്ടർ നം 1 / CDP0/16-17, 27.2.17)

ഫാറങ്ങൾ വിറ്റ ഇനത്തിൽ ലഭിച്ച 30,000/- രൂപ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 05 ന് മറുപടിയായി ടി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുകയാണെന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ടെണ്ടർ ഫാറവിലകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച് ആയത് ഓഡിറ്റിനെരേഖാമൂലം അറിയിക്കേണ്ടതാണ്.

b) വൈകല്യമുള്ളവർക്ക് മുചക്രവാഹനം (SC) പദ്ധതി പ്രോജക്ട് നം.26/17 പ്രകാരം ഏഴ് വാഹനങ്ങൾ വാങ്ങുന്നതിന് 4,30,325/-രൂപ ബിൽ നം – 02/16-17 ( 28.3.17) പ്രകാരം പിൻവലിച്ച് CDPO യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ആയത് ചെലവഴിച്ചിട്ടുള്ളത് 22.09.17ൽ മാത്രമാണ്. പലിശ ഇനത്തിൽ ലഭിച്ച ₹6805/- രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നു.ടി തുക സർക്കാരിൽ തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 <u>മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ എന്ന പദ്ധതി- 3,55,367/- തടസ്സപ്പെടുത്തുന്നു</u>

2016-2017 സാമ്പത്തിക വർഷത്തിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്- മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ നാളിതുവരെ മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമാക്കാത്തിനാൽ - തുക തടസ്സപ്പെടുത്തുന്നു.

1) പദ്ധതി നമ്പർ- SOO95/2016-2017 വെളിനല്ലൂർ സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ബിൽ നമ്പർ നം-02/2016-17 തീയതി 13.1.2017 പ്രകാരം 300,000/-രൂപ കെ.എം.സി.എല്ലിനു നൽകിയിട്ടുണ്ട്. (ഡി.ഡി.നമ്പർ 580684, 580685, 580686, 580687, 580688, 580689, 580690 തീയതി 13.01.2017,SBI,ഓയൂർ). ഇതിൽ 2,46,874/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. 53,126/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി നമ്പർ-SOO37/2016-2017 നിലമേൽ സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ ബിൽ നമ്പർ നം-01/2016-17 തീയതി 25.2.2017 പ്രകാരം 300,000/-രൂപ കെ.എം.സി.എല്ലിനു നൽകിയിട്ടുണ്ട്. ഇതിൽ 85,363/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. 2,14,637/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി നമ്പർ-SOO14/2017, കടയ്ക്കൽ താലൂക്ക് ആശുപത്രിലേക്ക് മരുന്നു

വാങ്ങൽ-

ബിൽ നമ്പർ നം-04/2016-17 തീയതി 30.11.2016 പ്രകാരം 500,000/- രൂപ കെ.എം.സി.എല്ലിന നൽകിയിട്ടുണ്ട്. ഇതിൽ 4,12,396/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. 87604/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 20871305 | PMAY ഭവന പദ്ധതി | 20871305 | ഇല്ല |
| ചടയമംഗലം ഗ്രാമപഞ്ചായത്ത് | 2016-17 | 392000 | “ | 392000 | ഇല്ല |
| ചിതര ഗ്രാമപഞ്ചായത്ത് | 2016-17 | 368000 | “ | 368000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ഇളമാട് ഗ്രാമപഞ്ചായത്ത് | 2016-17 | 168000 | “ | 168000 | ഇല്ല |
| ഇട്ടിവ ഗ്രാമപഞ്ചായത്ത് | 2016-17 | 560000 | “ | 560000 | ഇല്ല |
| കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | 2016-17 | 420000 | “ | 420000 | ഇല്ല |
| കുമ്മിൾ ഗ്രാമപഞ്ചായത്ത് | 2016-17 | 56000 | “ | 56000 | ഇല്ല |
| നിലമേൽ ഗ്രാമപഞ്ചായത്ത് | 2016-17 | 112000 | “ | 112000 | ഇല്ല |
| വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 308000 | “ | 308000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം | നിലമേൽ ആശുപത്രി വൈദ്യുതീകരണം | | 425000 | - | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| | വെളിനെല്ലൂർ ആശുപത്രി | | 286000 | - | വിനിയോഗ സാക്ഷ്യ |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | | | | പത്രം ലഭിച്ചിട്ടില്ല |
| ഭൂജലവകുപ്പ്, കൊല്ലം | കല്ലുമല കോളനി മിനി കുടിവെള്ള പദ്ധതി | | 527000 | - | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY ഭവന വായ്പ | - | 12546534 | 12546534 | 4695903 | 294079 | 7850631 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | 2004-05 | II-14 | സമഗ്ര നെൽകൃഷി വികസനം-പവർടില്ലറും കൊയ്ത്ത് യന്ത്രവും പ്രയോജന രഹിതമാക്കി | ലഭ്യമല്ല |
| 1998-99 | 30 | 2004-05 | II-10 | പമ്പ്സെറ്റ് പാടശേഖരങ്ങളിലേക്ക് വിതരണം ചെയ്തില്ല | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,61,89,912 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,05,94,487 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,40,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 96,15,649 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 840000 | ശ്രീ. ആർ. ബാലചന്ദ്രൻ നായർ , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 159750 | ശ്രീ. ആർ. ബാലചന്ദ്രൻ നായർ , സെക്രട്ടറി |
| 3-3 | 4695903 | ശ്രീ. ആർ. ബാലചന്ദ്രൻ നായർ , സെക്രട്ടറി |
| 3-5 | 386050 | ശ്രീ. ജോൺ ജോസഫ് , കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-6 | 4209320 | ശ്രീ. ആർ. ബാലചന്ദ്രൻ നായർ , സെക്രട്ടറി |
| 3-7 | 164626 | ശ്രീ. അശോക് കുമാർ റ്റി. വി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. ബാലചന്ദ്രൻ നായർ , സെക്രട്ടറി | വിരമിച്ചു | സൈനാ കോട്ടേജ്, അറക്കൽ, പെരുമ്മണ്ണൂർ 591 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യു.ഡി.ബി-1535(14)/14/08-07-14 |
| 1998-99 | എൽ.എഫ്.ക്യു.ഡി.ബി-1535(13)/14/08-07-14 |
| 2000-01 | എൽ.എഫ്.ക്യു.ഡി.ബി-1535(11)/14/08-07-14 |

| | |
|---|---|
| 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി-1535(10)/14/08-07-14 |
| 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി-1535(9)/14/08-07-14 |
| 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി-1535(8)/14/08-07-14 |
| 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി-1535(7)/14/09-07-14 |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി-1535(6)/14/09-07-14 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-1535(5)/14/09-07-14 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1535(4)/14/09-07-14 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1535(3)/14/09-07-14 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1535(2)/14/09-07-14 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1535(1)/14/09-07-14 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-370/14/16-09-14 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15/16-11-15 |

| | |
|---|---|
| | |
| 2014-15, 2015-16 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-530/17/22.3.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

**4-10** സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം.പി-3/1953/17 തീയതി: 17.11.2017

സാക്ഷ്യപത്രം

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 -ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം